പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. റ്റി.*4277

16.12.2014 ൽ
മറുപടിയ്ക്ക്

## യുവജന കമ്മീഷനിലെ അംഗങ്ങൾ

**ചോദ്യം**

**ശ്രീ. വി.ശിവൻകുട്ടി :**

**മറുപടി**

**കുമാരി. പി.കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാന യുവജന കമ്മീഷനിൽ അംഗങ്ങൾ ഉൾപ്പെടെ എത്ര പേർ ഉണ്ടെന്നും ഇവരുടെയൊക്കെ നിയമനം എപ്രകാരമാണ് നടത്തിയിട്ടുള്ളതെന്നും യുവജന കമ്മീഷനിൽ അംഗങ്ങൾക്ക് നാളിതുവരെ നൽകിയിട്ടുള്ള ശമ്പളത്തിന്റേയും മറ്റ് ആനുകൂല്യങ്ങളുടേയും ഇനം തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ ?

(എ) കേരള സംസ്ഥാന യുവജന കമ്മീഷനിൽ ചെയർപേഴ്സണും 12 അംഗങ്ങളും ഉൾപ്പെടെ ആകെ 13 പേരാണ് ഉള്ളത്. 2014 ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ടിൽ യുവജന കമ്മീഷനിൽ ഒരു ചെയർപേഴ്സണും 13 ൽ കവിയാത്ത അത്രയും എണ്ണം അംഗങ്ങളും ഉണ്ടായിരിക്കേണ്ടതും അതിലൊരാൾ യോഗ്യതയുള്ള ലീഗൽ പ്രാക്ടീഷണറും ഒരാൾ പട്ടികജാതിയിൽപ്പെട്ട ആളും ആയിരിക്കേണ്ടതും മൂന്നുപേരെങ്കിലും വനിതകളും വനിതകളിൽ ഒരാൾ പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട ആൾ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആക്ടിൽ നിഷ്കർഷിച്ച പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി സർക്കാരാണ് യുവജനകമ്മീഷൻ ചെയർപേഴ്സണേയും അംഗങ്ങളേയും നിയമിച്ചിട്ടുള്ളത്. അംഗങ്ങൾക്ക് നാളിതുവരെ ശമ്പളം നൽകിയിട്ടില്ല. അംഗങ്ങൾക്ക് യാത്രാപ്പടി യിനത്തിൽ നാളിതുവരെ 1,48,453 രൂപ (ഒരു ലക്ഷത്തി നാൽപ്പത്തിയെട്ടായിരത്തി നാനൂറ്റി അൻപത്തിമൂന്ന് രൂപ മാത്രം) നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ